**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1510** **03-02-2026 - ൽ മറുപടിയ്ക്ക്**

**ലേബർ കോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലേബർ കോഡ് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയും 19.12.2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 22.01.2026 തിയതിയിലെ സ.ഉ (സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ലേബർ കോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം ലേബർ കോഡുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി 2025 നവംബർ 21 നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലേബർ കോഡ് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനത്തോട് ഉന്നയിച്ചിട്ടുള്ളത്; | (സി) | 28.01.2026 ലെ ഇ മെയിൽ പ്രകാരം ലഭ്യമായ, 23.01.2026 ലെ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ S-166013/2/2026-ISH-II (e-183789) നമ്പർ കത്ത് പ്രകാരം draft standards in respect of factory, dock work and building and other construction work (BOCW) എന്നിവയിന്മേൽ OSH & WC കോഡ്, 2020-ലെ സെക്ഷൻ 18 പ്രകാരമുള്ള കരട് മാനദണ്ഡങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ കരട് മാനദണ്ഡം ലഭ്യമാക്കിക്കൊണ്ട് ആയത് ലഭ്യമായ തീയതി മുതൽ 10 ദിവസത്തിനകം സർക്കാരിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കണമെന്ന് അറിയിച്ചിട്ടുണ്ട് . |
| (ഡി) | നിലവിലെ തൊഴിൽ സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേന്ദ്രസർക്കാരിന്റെ ലേബർ കോഡ് സംസ്ഥാനത്തെ തൊഴിൽ രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം അറിയിക്കുമോ? | (ഡി) | പുതിയ ലേബർ കോഡുകൾ നടപ്പിലാകുന്ന പക്ഷം തൊഴിൽ വകുപ്പ് തലത്തിൽ നടത്തിയ പരിശോധനയിൽ, കേരളത്തിലെ പ്രത്യേക തൊഴിൽ സാഹചര്യം കണക്കിലെടുക്കുമ്പോൾ ചുവടെ പറയുന്ന വിവിധ വ്യവസ്ഥകളിൽ തൽസ്ഥിതി തുടരേണ്ടതായി കാണുന്നു.<br><br>**<u>മിനിമം വേതനം നിശ്ചയിക്കൽ (Fixation of Minimum Wages)</u>**<br><br>വേതന കോഡിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികളെ അവരുടെ (Unskilled, Semi-skilled, Skilled, Highly-skilled) അടിസ്ഥാനത്തിൽ തരംതിരിക്കുന്നത് നിലവിലെ ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് സംവിധാനത്തിന് പകരമാകുന്നത് വേതന ഘടനയുടെ സ്ഥിരതയെ ബാധിച്ചേക്കാം. വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയെയും മാപ്പ് ചെയ്യുന്നത് പ്രായോഗികമായി അതീവ സങ്കീർണ്ണമാണ്. അതിനാൽ നിലവിലുള്ള ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് സംവിധാനം നിലനിർത്തുന്നത് തുടർച്ച ഉറപ്പാക്കാൻ അത്യന്താപേക്ഷിതമാണ്.<br><br>**<u>ബിൽഡിംഗ് സെസ്സ് ഒഴിവാക്കൽ (Exemption of Building Cess)</u>**<br><br>സോഷ്യൽ സെക്യൂരിറ്റി കോഡിൽ 50 ലക്ഷം രൂപയോ അതിൽ കൂടുതലോ നിർമ്മാണ ചെലവുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് സെസ് ഒഴിവാക്കാനുള്ള നിർദ്ദേശം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ശേഖരണത്തെ ഗണ്യമായി ബാധിക്കും. ഇത് ബോർഡിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുകയും 49,000 ഓളം തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും<br><br>**<u>'തൊഴിലാളി' നിർവ്വചനത്തിലെ പരിമിതികൾ (OSH Code)</u>**<br><br>ചാരിറ്റബിൾ സ്ഥാപനങ്ങൾ : ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ചാരിറ്റബിൾ പദവി ഉപയോഗിച്ച് നിയമപരമായ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാകാനുള്ള സാധ്യതയുണ്ട്. തൊഴിലാളി സംരക്ഷണം ഉറപ്പാക്കാൻ ഇത്തരം സ്ഥാപനങ്ങളെയും നിയമനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്<br><br>**<u>കുടിയേറ്റ-കരാർ തൊഴിലാളികളുടെ സംരക്ഷണം</u>**<br><br>അന്തർസംസ്ഥാന തൊഴിലാളികൾ: വേതന പരിധി 18,000 രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ, കേരളത്തിലെ ഉയർന്ന വേതന നിരക്ക് കാരണം ഭൂരിഭാഗം കുടിയേറ്റ തൊഴിലാളികളും രജിസ്ട്രേഷൻ പരിധിക്ക് പുറത്താകും. ഇത് അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിൽ തടസ്സമാകും.<br><br>കരാർ തൊഴിലാളി ലൈസൻസ്: ലൈസൻസിനുള്ള പരിധി 20-ൽ നിന്ന് 50 തൊഴിലാളികളായി വർദ്ധിപ്പിക്കുന്നത് വലിയൊരു വിഭാഗം കരാർ തൊഴിലാളികളുടെ (അന്തർസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ) നിയമപരമായ പരിരക്ഷ ഇല്ലാതാക്കും. അതിനാൽ നിലവിലെ 20 തൊഴിലാളികളുടെ പരിധി നിലനിർത്തുന്നത് ഉചിതമായിരിക്കും.<br><br>**<u>തൊഴിൽ സുരക്ഷയും സ്റ്റാൻഡിംഗ് ഓർഡറും (IR Code)</u>**<br><br>സ്റ്റാൻഡിംഗ് ഓർഡർ ബാധകമാക്കുന്നതിനുള്ള പരിധി 100-ൽ (കേരളത്തിൽ നിലവിൽ 50) നിന്ന് 300 ആയി ഉയർത്തുന്നത് ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം പരിമിതപ്പെടുത്തും.<br><br>ലേ ഓഫ്/പിരിച്ചുവിടൽ : സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും മറ്റും സർക്കാർ അനുമതി വേണ്ട തൊഴിലാളികളുടെ എണ്ണം 300 ആയി ഉയർത്തുന്നത് തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്കിടയിൽ അസമത്വം സൃഷ്ടിക്കുകയും ചെയ്യും |

സെക്ഷൻ ഓഫീസർ